# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1350

08.02.2013 ൽ - മറുപടിക്ക്

## ബി.പി.എൽ. റേഷൻ കാർഡ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. പി. വിൻസെന്റ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) അർഹതയുള്ള ആളുകൾക്ക് എ.പി. എൽ. കാർഡ് മാറ്റി ബി.പി.എൽ. കാർഡാക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ ഉദാരമാക്കുമോ; | (എ) 05.11.2011 ലെ ജി.ഒ(എം.എസ്) നം. 38/11/ഭ.സി.സ.വ പ്രകാരം പുതിയ ബി.പി.എൽ. ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്ക് ബി.പി.എൽ. കാർഡുകൾ ലഭ്യമാക്കുവാനുള്ള അധികാരം ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമാക്കി ഉത്തരവായിട്ടുണ്ട്. |
| (ബി) ബി.പി.എൽ. അർഹതാമാനദണ്ഡങ്ങളിൽ എന്തൊക്കെ ഇളവു വരുത്തിയിട്ടുണ്ട് ? | (ബി) 07.09.2011 ലെ സ.ഉ.(കൈ) നം. 209/2011/ത.സ്വ.ഭ.വ. ഉത്തരവ് അനുസരിച്ച് സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥർ ഒഴികെ എല്ലാ പട്ടിക വർഗ്ഗ കുടുംബങ്ങളെയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 27.04.2012 ലെ സ.ഉ. (കൈ) നം. 112/2012/ത.സ്വ. ഭ.വ. ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ആദായ നികുതി ഒടുക്കുന്നവർ, സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ, സ്വന്തമായി ആയിരം ചതുരശ്ര അടിയ്ക്കുമേൽ വിസ്തീർണ്ണമുള്ള വീടോ, ഫ്ളാറ്റോ ഉള്ളവർ, നാല് ചക്ര വാഹനം സ്വന്തമായി ഉള്ളവർ, തുടങ്ങിയവരെ നിലവിലെ ബി.പി.എൽ. പട്ടികയിൽ നിന്ന് ഒഴിവാക്കിയും ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ, മാനസികവും ശാരീരികവുമായ വൈകല്യം ഉള്ളവർ, ഓട്ടിസം ബാധിച്ചവർ, ഭർത്താവ് മരണ മടഞ്ഞ സ്ത്രീകൾ, എയ്ഡ്സ്, ക്യാൻസർ രോഗികളും, ഡയാലിസിസിന് വിധേയരാകുന്നവരും, പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും, കുടുംബത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ബി.പി. എൽ. പട്ടികയിൽ ഉൾപ്പെടുത്തുവാൻ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ